ഇന്ന് കെ.എസ്.ആർ.ടി.സി. നാളെ കെ.എസ്.ഇ.ബി. ഒടുവിൽ നമ്മുടെ സംസ്ഥാനവും.....- വെള്ളാപ്പള്ളി നടേശൻ

എസ്.എൻ.ഡി.പി. യോഗത്തിന്റെ മുഖപത്രം 2018 February 16 Rs. 12.50

# യോഗനാദം

ഗുരു വർഷം 163
ശ്രീനാരായണ ധർമ്മ പരിപാലന യോഗം

# ഇന്ധനത്തിന്റെ പേരിൽ നികുതി കൊള്ളയും, ജനദ്രോഹവും




പെട്രോളിന്റെ വില നിർണ്ണയം വിപണി ശക്തികളെ യു.പി.എ. സർക്കാർ ഏല്പിച്ചപ്പോൾ, ഡീസലിന്റെ ഉപഭോഗത്തിൽ വർദ്ധനവുണ്ടായി. പെട്രോൾ ഇന്ധനമാക്കിയിരുന്ന നിരവധി വാഹനങ്ങൾ ഡീസൽ വാഹനങ്ങളായി രൂപാന്തരപ്പെട്ടു. ഇതു

# വെട്ടൂർ കവല @ കേരളം

ശിവദാസൻ എ. കെ.

വെട്ടൂർ കൊച്ചുകവലയിലെത്തുമ്പോൾ കൃത്യം പത്തുമണിയായിട്ടുണ്ട്.

പഞ്ചായത്ത് വക മൂന്നുനാല് വിളക്കുകൾ തല കുത്തി നിന്ന് മിന്നുന്നതല്ലാതെ ഒച്ചയനക്കമില്ല.

അയ്മുട്ടീടെ ബേക്കറി, വറീത് ചേട്ടന്റെ പലചരക്ക് കട, ദാമോദരന്റെ സ്റ്റേഷനറിക്കട എല്ലാം ഉറക്കത്തിലാണ്.

വയറ്റിൽ തിളച്ച് പൊന്തുന്ന ദോശമാവുമായി പിറ്റേന്ന് വെളുപ്പിനുള്ള കച്ചവടം സ്വപ്നം കണ്ട് മയങ്ങിക്കിടന്ന അബ്ദുറഹിമാന്റെ ഷഫ്ന ടീ സ്റ്റാളിന്റെ ഓരം ചേർന്ന് വണ്ടി നിർത്തി കുഞ്ഞുണ്ണി പറഞ്ഞു.

“ഇവിടെയെറങ്ങാം. വഴിയാകെ കൊളായിട്ട് കെടക്കാണ്. കേബിള്കാര് കീറീട്ട് പുതുമണ്ണിന്റെ മോളില് മഴേം കൂടെ പെയ്തപ്പോ പറയേം വേണ്ട. എന്റെ കൈയ്യില് ടോർച്ച് ണ്ട്. പിന്നെ ഏറിയാ ഒരു ഇറുന്നൂറു മീറ്റർ. അത്രേ വേണ്ടൂ.”

റോഡിൽ നിന്ന് പതുങ്ങിപ്പിരിയുന്ന ഇടവഴിയിലേക്ക് തിരിഞ്ഞപ്പഴേ കണ്ടു. ഇരുട്ട് മൂടിയ പാടത്തിന് കരയിൽ വിളക്കെല്ലാം തെളിച്ച് കല്യാണപന്തലു പോലെ ഒരുങ്ങി നിൽക്കുന്ന ഇരു നില വീട്. കുഞ്ഞുണ്ണി വിൽക്കാനായിട്ട് വാങ്ങിയിട്ടിരിക്കുന്നതാണ്.

കുഞ്ഞുണ്ണി പറഞ്ഞത് ശരിയാണെന്നു തോന്നി..

ഏതാനും ശകടങ്ങൾ നില തെറ്റി റോഡിനെ ശപിച്ച് വരുന്നുണ്ട്.

“ഇപ്പറഞ്ഞയാൾക്ക് ഇവിടെ പകല് വന്നാ പോരെ?”

ചുവന്ന മണ്ണിൽ കാലുറപ്പിക്കുവാൻ പാടുപെടവേ ചോദിച്ചു.

കുഞ്ഞുണ്ണി തിരിഞ്ഞു നിന്നു.

“ഇതൊന്നും അങ്ങനെ പകൽവെളിച്ചത്തില് പരസ്യായി നടത്തേണ്ട കാര്യല്ല. ഒരു ചിട്ടയൊക്കെ വേണം. എന്നാലെ ഉദ്ദേശിച്ച ഫലംണ്ടാവൂ.”

കാല് വീണ്ടും ചുവന്ന ചളിയുമായി പറഞ്ഞ് തെറ്റി. മുട്ടിനുള്ളിൽ മറഞ്ഞിരുന്ന എല്ല് തേയ്മാനത്തിന്റെ കണക്കിലുള്ള വേദന പുറത്തേക്ക് വന്നു. രണ്ട് ദിവസമായി ആശ്വാസമുണ്ടായിരുന്നതാണ്.

അപ്പോൾ ആറു മാസം മുമ്പ് കുഞ്ഞുണ്ണിയുമൊത്തുള്ള ഒരു യാത്രയോർത്തു.

മുട്ടുവേദനക്കുള്ള മരുന്നു വാങ്ങി ഭരതൻ ഡോക്ടറുടെ ക്ലിനിക്കിൽ നിന്ന് ഇറങ്ങി വരികയായിരുന്നു.

അപ്പഴതാ മുന്നിൽ ദൈവം പോലെ കുഞ്ഞുണ്ണി. കണ്ടിട്ട് കുറച്ചായിട്ടുണ്ട്.

“എന്താണിഷ്ടാ നിനക്കും തുടങ്ങ്യോ ഈ തണ്ടല് വേദന.” അവൻ കുശലം ചോദിച്ചു.

“തണ്ടല് വേദനയൊന്നുല്യ. മുട്ട് വേദന. എല്ല് തേയ്മാനത്തിന്റെ തൊടക്കാവുന്നാ ഡോക്ടറ് പറഞ്ഞെ.”

“വേറെ ഒന്നും കൊണ്ട് പറഞ്ഞതല്ല. നിങ്ങളീ സർക്കാർ ജീവനക്കാർക്ക് സ്ഥിരം കസേരേല് ഇരിപ്പല്ലേ. അങ്ങനെ ഉള്ളോർക്ക് തല്ലിക്കെടുത്ത്യാ പോവില്ല ഈ തണ്ടല് വേദന. ”

അവൻ പൊതുവായ ഒരു സർക്കാർ വിരോധം വെളിവാക്കി.

“പിന്നെ നിനക്ക് താല്പര്യോണ്ടെങ്കീ വേറൊരു കാര്യം പറയാം.”

“തന്റെ നോട്ടത്തിലെ താല്പര്യം അവൻ തിരിച്ചറിഞ്ഞെന്നു തോന്നി.”

“സംഗതി പുതിയതാണ്. തൊടു ചികിത്സ. വേണമെങ്കിൽ അക്യുപങ്ക്ചർ എന്നും പറയാം.”

“ഈ അക്യുപങ്കചർ ചൈനക്കാരുടെ ചികിത്സയല്ലേ.”

“ഇവിടെ അങ്ങനെ ഒന്നൂല്യ. നമ്മുടെ ശരീരത്തില് രോഗം ഉണ്ടെന്ന് വയ്ക്കാ. അപ്പോൾ ശരീരത്തിന് നെഗറ്റീവ് എനർജ്യാണ്. നമ്മെ ഒരു കസേരയിലിരുത്തി ചികിത്സിക്കുന്നയാളൊന്ന് തൊടും. അപ്പോൾ അയാളുടെ വിരലിൽ ഒളിഞ്ഞിരിക്കുന്ന ചില സൂക്ഷ്മമുള്ളുകൾ നമ്മുടെ ദേഹത്ത് കേറും. മുള്ളിന് പോസിറ്റീവ് എനർജ്യാണ്. രണ്ടും കൂടി കൂട്ടിമുട്ട്യാലെന്താ ന്യൂട്രല്.”

“അപ്പോ രോഗം ന്യൂട്രല് അടിക്കുന്ന് തന്നെ.”

മിഴിച്ച് നിന്നു പോയി. ഒൻപതാം ക്ലാസ്സിൽ സയൻസിന് പൂജ്യം വാങ്ങിയിരുന്ന കുഞ്ഞുണ്ണി തന്നെയോ ഇത്.

‘ഇതൊക്കെ ആരെങ്കിലും വിശ്വസിക്കോ കുഞ്ഞുണ്ണ്യേ.”

“പിന്നെ വിശ്വസിക്കാണ്ടാ. ആഴ്ചേല് ഒരു വണ്ടി ആളല്ലേ ഇവിടുന്ന് തന്നെ പോണേ.

അത് പോലെ ഏതെല്ലാം ഇടത്ത് നിന്നാണ്. ദക്ഷിണ ഇരുനൂറ്റി അമ്പത് രൂപ. തേനി വരെ യാത്രാക്കൂലി എഴുനൂറ്റി അമ്പതു രൂപ. എന്റെ സ്വന്തം വണ്ടിയാണ്. നീയാകുമ്പോ വണ്ടിക്കൂലി നൂറു രൂപ കുറച്ച് തന്നാലും മതി.”

“ആലോചിക്കട്ടെ.’ അല്പം മടിയായിരുന്നു ഉള്ളിൽ.

“അതൊക്കെ മതി. പോയാ ഒരായിരം രൂപ. പറ്റ്യാലോ രോഗം മാറും. നീയി ഇംഗ്ലീഷ് മരുന്നു

മുഴുവൻ കേറ്റി തടി കേടാക്കല്ലേ.'

ഒരാഴ്ചയവസാനത്തിന്റെ ആൾക്കൂട്ടത്തിലേക്ക് അവൻ നടന്നു മറഞ്ഞു.

ആലോചിച്ചപ്പോ തരക്കേടില്ലെന്ന് തോന്നി.

കുഞ്ഞുണ്ണി സ്നേഹമുള്ളവനാണ്. പണ്ട് സെന്റ് അഗസ്റ്റിൻ സ്കൂളിലെ ഒൻപതാം ക്ലാസ്സ് ഓർമ്മ വന്നു. പിൻബഞ്ചിലെ തരികിട പിള്ളാരുടെ നിരയിലെ കുഞ്ഞുണ്ണിയേയും.

പരീക്ഷക്ക് മുഴുവൻ മാർക്കും വാങ്ങുന്ന സന്ദർഭങ്ങളിൽ തന്നെ ചൂണ്ടിക്കാട്ടി ജസീന്തടീച്ചറ് പറയും.

"പഠിക്കണ കുട്ട്യോളും ഉണ്ട് ക്ലാസ്സില്. തോറ്റു തൊപ്പീട്ട് വായ് നോക്കാൻ നടക്കണോര് കാണണം."

പിൻബഞ്ചിൽ മൂകത പടരും. അതാരെ ഉദ്ദേശിച്ചാണെന്ന് അവർക്ക് നന്നായറിയാം.

അഭിമാനം വാനോളമുയരുമെങ്കിലും തന്റെ ചെലവിൽ ടീച്ചർ അവർക്കിട്ട് കൊട്ടിയതിന് ചെറുതല്ലാത്ത ഭയവുമുണ്ടാകും. അവരിനിനി എന്തൊക്കെ ഒപ്പിക്കുമോ എന്നോർത്ത്.

ഒരിക്കലവർ കുഞ്ഞുണ്ണിയേപ്പോലെ തന്നെ തോറ്റുകിടക്കുന്ന കറുത്തു കൂറത്തിയായ തുളസിയുടെ പേരും തന്റെ പേരും ചേർത്ത് ഒരു മതിലെഴുത്ത് തന്നെ നടത്തി.

വല്ലാത്ത നാണക്കേടായിപ്പോയി. കാണാൻ കൊള്ളാവുന്ന പിള്ളാരുവല്ലതുമാണെങ്കിൽ പോട്ടെന്ന് വയ്ക്കാമായിരുന്നു.

അല്ലെങ്കിൽ എവിടെയെങ്കിലും മറഞ്ഞിരുന്ന് വട്ടപ്പേരു വിളിക്കും.

"എടാ, നത്തോലി."

ചുറ്റും പെൺകുട്ടികൾ വാപൊത്തിച്ചിരിച്ച് നടന്നു പോകെ എത്ര തവണ നിരായുധനെപ്പോലെ



നിന്നിരിക്കുന്നു.

പക്ഷേ, അതൊക്കെ അന്നത്തെ കാര്യം.

പത്താം ക്ലാസ്സിൽ തോറ്റ് കുഞ്ഞുണ്ണി പഠിപ്പ് നിർത്തി. പിന്നെപ്പോഴൊ പലപല പണികളി ലൂടെ നടന്ന് റിയൽ എസ്റ്റേറ്റുകാര നായി. ഇപ്പോൾ എവിടെയൊക്കെ വീട്, സ്ഥലം, എന്ന് മൂപ്പർക്ക് പോലും നിശ്ചയമില്ല.

ഒരു സർക്കാർ സ്കൂളിലെ എൽ.ഡി ക്ലാർക്കായ തനിക്കോ, സർക്കാരുദ്യോഗം എന്ന മേനിയ ല്ലാതെ നയാ പൈസ കൈക്കൂലി പോലും തടയില്ല.

അതു കൊണ്ട് കുഞ്ഞുണ്ണി പറ യുന്നത് അങ്ങനെ തള്ളിക്കളയാൻ പറ്റില്ല.

അവൻ സ്കൂളിൽ തോറ്റാലും ജീവിതത്തിൽ വിജയിച്ചവനാണ്.

അന്ന് വൈകുന്നേരം വണ്ടി കയ റാൻ വരുമ്പോൾ ഒരു ചമ്മലായിരു ന്നു.

വലിയ ടൂറിസ്റ്റ് ബസ്സാണ്. പിൻസീറ്റിൽ തല താഴ്ത്തിയിരിക്കു ന്നത് കണ്ട് കുഞ്ഞുണ്ണി ചോദിച്ചു.

"നീയെന്തിനാണ് നാണിക്കണെ ഇതില് കേറാൻ പോണ ആൾക്കാരെ കാണ്."


കുഞ്ഞുണ്ണി അടുത്ത് വന്നിരു ന്നു.

ശരിയാണ് സാറാമ്മ വക്കീലും ഭർത്താവും, ശ്രീധരൻ കോൺട്രാ ക്ടർ, വേറെയും ജീവനക്കാർ, നേതാക്കൻമാർ അങ്ങനെ എത്ര പേരാണ്. നോക്കിയാൽ പോകാതി രിക്കുന്നതാണ് ഒരു കുറവ്.

അവിടെ എത്തിയപ്പോൾ അതി ലേറെ അത്ഭുതം. വണ്ടികളെത്ര യാണ്. എല്ലാ ജാതിമതസ്ഥരു ടേയും സംഗമസ്ഥാനമാണെന്ന് തോന്നി.

"ഒരു ദിവസം മുന്നൂറു പേർക്കേ അപ്പോയിന്റ്മെന്റുള്ളു." ആരോ പറഞ്ഞു.

ദീർഘകായനായ ഒരാളായി രുന്നു വൈദ്യർ. അങ്ങനെയാണോ വിളിക്കേണ്ടത് എന്നറിയില്ല. ആകെ വെള്ള വസ്ത്രമാണ്. നെറ്റി യിൽ വീതിയേറിയ ചന്ദനക്കുറി. തലയും താടിയും പ്രായത്തിന്



ചേരാനാവാത്ത വിധം കറുത്ത തായി തോന്നി.

കസേരയിൽ ഇരിക്കെ ചൂണ്ടുവി രൽ കൊണ്ട് ഒന്നു തൊട്ടു. എന്തോ, പോസിറ്റീവ് എനർജി യുള്ള സൂചിയൊന്നും കൊണ്ട തായി തോന്നിയില്ല. ഏതാനും വാക്കുകളിൽ രോഗവിവരങ്ങൾ ചോദിച്ചറിഞ്ഞു. പിന്നെ പറഞ്ഞു.

"മരുന്നുകളൊന്നും കഴിക്കണ്ട. ഭേദായിക്കോളും.'

തിരിച്ച് വണ്ടിക്കുള്ളിൽ വലിയ ചർച്ചകളായിരുന്നു.

പലരുടേയും പല തരം വേദനകൾ പമ്പ കടന്നത്രെ.

നീര് മൂടിയ കാൽമുട്ടിനെ നോക്കി വേദന കുറയുന്നെന്ന് സമാശ്വസിക്കാൻ ശ്രമിക്കവെ കുഞ്ഞുണ്ണി അടുത്തു വന്ന് ചോദിച്ചു.

"എങ്ങനെയുണ്ടെടോ?'

തന്റെ മൗനത്തിലെ സംശയം മനസ്സിലാക്കി അവൻ പരിഭവപ്പെട്ടു.

"എടോ വിശ്വാസം വേണം. അതാ എല്ലാം. പാതി ചത്ത മനസ്സോടെ ഇരുന്നാൽ ശരിയാകില്ല."

വിശ്വാസമില്ലാത്തതു കൊണ്ടാണാവോ വീണ്ടും ഭരതൻ ഡോക്ടറെത്തന്നെ അഭയം പ്രാപിക്കേണ്ടി വന്നത്.

എന്തുകൊണ്ടോ ഒരു മൂന്ന് മാസത്തിനപ്പുറം ചികിത്സിക്കാനായി പിന്നെ ആരും പോയികണ്ടില്ല.

ഓർമ്മയിൽ നിന്നുണർന്ന് ചുറ്റും നോക്കി. പാടത്തിന്റെ അരികിൽ കുലച്ചു നിൽക്കുന്നത് വാഴക്കുലകളാണ്. നടുവിലൂടെ വഴി നീളുന്നു.

ഉച്ചക്കു മുമ്പേ പെയ്ത മഴയുടെ ബാക്കിയായി ഒഴുകുന്ന ഒരു നീർച്ചാലും ഇനിയും മഴ പ്രതീക്ഷിക്കുന്ന കുറെ പേക്രോം തവളകളും മാത്രമേ ഉണർന്നിരിക്കുന്നുള്ളൂ.

മഴ കുഴച്ച വഴികളിലൂടെ വണ്ടികൾ വരുന്നു. പോകുന്നു.

ഇവിടെയും നല്ല തിരക്കുണ്ടെന്നാണ് കുഞ്ഞുണ്ണി പറഞ്ഞത്. എവിടെ നിന്നെല്ലാമാണ് ആളുകൾ വരുന്നത്.

"ആഴ്ചേല് ഒരിക്കലെ ഇവിടുള്ളൂ. അതു പോലെ മറ്റ് ദിവസം വേറെ ഇടങ്ങളിലാണ്. നമുക്ക് പത്തരമണിക്കാണ് സമയം തന്നിരിക്കുന്നത്."

ഇരുട്ട് തീരുന്നിടത്ത് വെച്ച് കുഞ്ഞുണ്ണി പറഞ്ഞു. നികത്താനാവാത്ത കുറെ പാടത്തിന്റെ നിരാശയുമായി അവൻ പിന്നിലേക്ക് തിരിഞ്ഞു നോക്കി.

ഗേറ്റ് എഴുതി വയ്ക്കാത്ത സ്വാഗതം പോലെ തുറന്ന് കിടന്നു.

മുറ്റത്ത് നീട്ടിക്കെട്ടിയ ഒരു താല്ക്കാലിക പന്തൽ. അവിടവിടെയായി പത്തു പതിനഞ്ചു പേർ ഇരിപ്പുണ്ട്.

വെളിച്ചമേറ്റ് ഈയല്ലുകൾ തല കറങ്ങി വീണുകൊണ്ടിരുന്ന ഒരു ട്യൂബ് ലൈറ്റിനരികെ ഇരിക്കെ കുഞ്ഞുണ്ണി അകത്തേക്ക് കയറി.

"സംഗതി ഭയങ്കര സിദ്ധ്യാണ്. കൈയ്യിൽ കിട്ടിയാൽ."

അടുത്തിരുന്നയാൾ പേരു പോലും ചോദിക്കാതെ സംഭാഷണത്തിന് തുടക്കമിട്ടു.

"കഴിഞ്ഞ മാസം ഞങ്ങടെ നാട്ടില് രണ്ട് കാരുണ്യാ ലോട്ടര്യാ അടിച്ചത്. അന്വോഷിച്ചപ്പളല്ലേ അത്ഭുതം. കിട്ട്യോര് രണ്ടും മുമ്പ് ഇവിടെ വന്നിട്ടുണ്ടായിരുന്നു."

ഇരുളിൽ നിന്നൊരു ലോട്ടറി മനസ്സിൽ വീണു തെളിഞ്ഞു. അതിന്റെ നമ്പർ ഒന്നാം സമ്മാനത്തിന്റേതായിരുന്നു. എന്തൊക്കെയാണ് ചെയ്തു തീർക്കാനുള്ളത്. പൂർത്തിയാക്കാനുള്ള വീടിനാണ് മുൻഗണന. ഒരു കാറാവാം. കൊള്ളാവുന്ന സംഭാവനകൾ അമ്പലത്തിന്, പാർട്ടിക്കാർക്ക് നാട്ടിൽ കുറച്ച് വില വേണമല്ലോ.

"നീയെന്താലോചിച്ചിരിക്കാ, നമ്മുടെ സമയമായി." പിന്നിൽ കുഞ്ഞുണ്ണിയുടെ ശബ്ദം.

അകത്തേക്ക് കയറി.

മൂന്ന് നിലവിളക്കുകൾ മത്സരിച്ച് നിന്ന് കത്തുന്നു.

പിന്നിൽ ചമ്രം പടിഞ്ഞിരിപ്പാണ് സിദ്ധൻ. ചുവപ്പ് വസ്ത്രങ്ങളാണ്. ഒരു സഹായി പിന്നിലുണ്ട്.

ഒരു വശത്ത് തൂശനിലയിൽ ഏലസു പോലൊന്ന് ഇരിക്കുന്നു. അപ്പോൾ ഇതായിരിക്കണം കുഞ്ഞുണ്ണി പറഞ്ഞ ധനാകർഷണ സിദ്ധിയന്ത്രം.

ഒറ്റ നോട്ടത്തിൽ പ്രത്യേകതകളൊന്നുമില്ല. ഇതിനകത്ത് ഒളിച്ചിരിക്കുന്ന ഏത് സിദ്ധിയാണാവോ പരശ്ശതം കൈകളായി വളർന്ന് തനിക്ക് നാളേക്ക് സമ്പത്ത് കൊണ്ടു വരിക. നോക്കി നിൽക്കെ അത് പതുക്കെ വലുതാവുന്നത് പോലെ തോന്നി.

ഇരിക്ക്, കരിയുന്ന എണ്ണയുടെ മൗനം ഭേദിച്ച് ചുവപ്പു വസ്ത്രം ധരിച്ചയാൾ പറഞ്ഞു. ബുദ്ധിമുട്ടി ചടഞ്ഞിരിക്കെ മുട്ടു വേദന വിശ്വരൂപം കാട്ടി.

അപ്പോൾ അതിനും മീതെ ഒരു സംശയം മനസ്സിനെ പിടികൂടി.

ഇയാളെ എവിടേയോ കണ്ടിട്ടുണ്ട്. എവിടെയാണത്.

"പേരും നാളും പറ."

സഹായി പറഞ്ഞു.

പറഞ്ഞത് വെള്ളക്കടലാസിൽ കുറിച്ചെടുത്ത് ഒരു ഏലസ്സിനുള്ളിലാക്കി അയാൾ നെഞ്ചോട് ചേർത്ത് എന്തോ പറയുന്നുണ്ട്.

"വലതു കൈ നീട്ടി വാങ്ങിക്കോളൂ."

അയാൾ പറഞ്ഞു.

വിറക്കുന്ന കൈകളോടെ വാങ്ങുമ്പോൾ കുഞ്ഞുണ്ണി ചെവിയിൽ മന്ത്രിച്ചു.

"ദക്ഷിണ.'

പതിനായിരത്തിന്റെ കെട്ടെടുത്ത് കൈയ്യിൽ വച്ചു കൊടുത്തു.

പ്രോവിഡണ്ട് ഫണ്ടിൽ നിന്ന് ലോണെടുത്തതാണ്.

പെട്ടെന്നാണ് ഓർമ്മ വന്നത്. ഇത് അയാളല്ലേ. അന്ന് തേനിയിൽ വെച്ച് കണ്ട അതേ ചികിത്സകൻ.

സൂക്ഷിച്ചു നോക്കി. അതേ അതു തന്നെ. അന്ന് താടിയും മുടിയും കറുത്തിട്ടായിരുന്നു എന്ന് മാത്രം.

ഞെട്ടലോടെ കുഞ്ഞുണ്ണിയെ നോക്കി. അവനൊരു സംശയവും കാണിക്കുന്നില്ല. കൈ കൂപ്പി പ്രാർത്ഥനയിലാണ്.

പുറത്തിറങ്ങവെ കുഞ്ഞുണ്ണി പറഞ്ഞു.

"വിശ്വാസാണ് എല്ലാം. സംശയങ്ങളൊന്നും വേണ്ട."

അതേ. വിശ്വാസമാണ് എല്ലാം. സംശയങ്ങളൊന്നും വേണ്ട. എല്ലാ സംശയങ്ങളും അടക്കിപ്പിടിക്കാൻ മനസ്സിനോട് നിർബന്ധിക്കവെ പിന്നിൽ കുഞ്ഞുണ്ണി ഓർമ്മപ്പെടുത്തി.

"കാരുണ്യ ലോട്ടറി ഒരു രണ്ടെണ്ണം വെച്ച് മുടങ്ങാണ്ട് എടുത്തോ. ഏത് വഴിക്കാണ് യന്ത്രം പ്രവർത്തിക്കാന്ന് ആർക്കറിയാ ■